<u>15 -ാം കേരള നിയമസഭ</u>

<u>9 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 469</u> <u>09-08-2023 - ൽ മറുപടിയ്ക്ക്</u>

<u>തിരൂർ തുഞ്ചൻ മെമ്മോറിയൽ ഗവൺമെൻറ് കോളേജ് കെട്ടിടനിർമ്മാണത്തിന് തുക അനുവദിക്കുന്ന നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തിരൂർ തുഞ്ചൻ മെമ്മോറിയൽ ഗവൺമെൻറ് കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിനായി തുക അനുവദിച്ചുകൊണ്ട് കിഫ്ബി അംഗീകാരം നൽകിയത് എന്നാണ് എന്ന് വ്യക്തമാക്കുമോ; | (എ) | 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗമനുസരിച്ച് സർക്കാർ പുറപ്പെടുവിച്ച ഭരണാനുമതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, തിരൂർ തുഞ്ചൻ മെമ്മോറിയൽ ഗവ. കോളജിന്റെ വികസന പ്രവർത്തനങ്ങൾക്കായി എസ്.പി.വി ആയ കെ.എസ്.ഐ.റ്റി.എൽ സമർപ്പിച്ച വിശദമായ പദ്ധതി രേഖ കിഫ്ബി പരിശോധിക്കുകയും 06-12-2020-ലെ HED007-49/APR-4/2020/KIIFB നമ്പർ ഉത്തരവു പ്രകാരം 7.73 കോടി രൂപയുടെ ധനാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | വർഷങ്ങൾ കഴിഞ്ഞിട്ടും കോളേജ് കെട്ടിടനിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ പോലും സാധിക്കാത്തതിന്റെ കാരണമെന്തെന്ന് വിശദമാക്കാമോ ; | (ബി) | 06-12-2020-ൽ കിഫ്ബി ധനാനുമതി നൽകിയിട്ടുണ്ടെങ്കിലും, ഡി.എസ്.ആർ, ജി.എസ്.റ്റി നിരക്കിലുണ്ടായ വ്യതിയാനമനുസരിച്ച് 03-03-2023-ൽ 10.28 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയുടെ അംഗീകാരത്തിനായി എസ്.പി.വി സമർപ്പിക്കുകയുണ്ടായി. ആയത് പരിശോധിച്ച ശേഷം, ബന്ധപ്പെട്ട രേഖകൾ/വിശദാംശങ്ങൾ എന്നിവ സഹിതം പുനഃസമർപ്പിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഫയൽ 20-03-2023-ൽ മടക്കുകയുണ്ടായി. തുടർന്ന്, എസ്.പി.വി 23-06-2023-ൽ സമർപ്പിച്ച ശിപാർശ നിലവിലെ ചട്ടങ്ങൾക്കും ഉത്തരവുകൾക്കും അനുസൃതമായി തൃപ്തികരമല്ലാതിരുന്നതിനാൽ, 20-07-2023-ൽ എസ്.പി.വി-യ്ക്ക് മടക്കി നൽകിയിരിക്കുകയാണ്. ആയത് കിഫ്ബിയിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തൃപ്തികരമാകുന്ന പക്ഷം അവലോകന റിപ്പോർട്ട് തയ്യാറാക്കി തുടർന്നു വരുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് യോഗത്തിന്റെ അംഗീകാരം ലഭ്യമാക്കി പുതുക്കിയ ധനാനുമതി ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്. ആയതിനു ശേഷം മാത്രമേ, എസ്.പി.വി/സർക്കാർ നിയോഗിച്ച ടെക്നിക്കൽ കമ്മിറ്റിയുടെ സാങ്കേതിക അനുമതി ലഭ്യമാക്കി പദ്ധതി ആരംഭിക്കുന്നതിന് ടെൻഡർ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടെയുള്ള തുടർനടപടികൾ എസ്.പി.വി-യ്ക്ക് സ്വീകരിക്കാനാകു. |
| (സി) | പ്രസ്തുത പ്രവർത്തിയുടെ നിർവ്വഹണ ഏജൻസിയായ കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്-ന്റെ അനാസ്ഥ പരിശോധിച്ച് നടപടി സ്വീകരിക്കുമോ; | (സി) | കിഫ്ബി മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ എസ്.പി.വി-യെ ചുമതലപ്പെടുത്തുന്നത് സർക്കാരാണ്. ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്നതും കെ.എസ്.ഐ.റ്റി.ഐ.ൽ എസ്.പി.വി ആയിട്ടുള്ളതുമായ പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉണ്ടാകുന്നില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് 18-11-2022-ൽ APR-4/4816/2022/KIIFB നമ്പർ കത്ത് സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. കൂടാതെ, കിഫ്ബി പദ്ധതികളുടെ അവലോകന യോഗങ്ങളിൽ കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കുന്നതിന് എസ്.പി.വി-യ്ക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. |
| (ഡി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ കാലതാമസം നേരിടുന്നതിനാൽ സർക്കാരിന് ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ഡി) | ഡി.എസ്.ആർ, ജി.എസ്.റ്റി നിരക്കിൽ ഉണ്ടായ വ്യതിയാനത്താലാണ് കെ.എസ്.ഐ.റ്റി.ഐ.എൽ നിലവിൽ പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത്. ആയത് നിലവിലെ ഉത്തരവുകൾ പ്രകാരം തൃപ്തികരമാകുന്ന പക്ഷവും, എക്സിക്യൂട്ടീവ്/ബോർഡ് യോഗത്തിന്റെ അംഗീകാരത്തിനു വിധേയമായും ധനാനുമതി ഉത്തരവ് പുറപ്പെടുവിച്ച് തുക അനുവദിക്കുന്നത് കിഫ്ബി ഫണ്ടിൽ നിന്നാണ്. |
| (ഇ) | പ്രസ്തുത കോളേജ് കെട്ടിടത്തിന്റെ പ്രവൃത്തി സമയബന്ധിതമായി ആരംഭിച്ച് പൂർത്തിയാക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഇ) | നിലവിൽ കെ.എസ്.ഐ.റ്റി.ഐ.എൽ സമർപ്പിച്ചിരിക്കുന്ന പുതുക്കിയ പ്രൊപ്പോസൽ വിശദാംശങ്ങളും രേഖകളും ആവശ്യപ്പെട്ടുകൊണ്ട് എസ്.പി.വി-യ്ക്ക് മടക്കി നൽകിയിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക്, തൃപ്തികരമാകുന്ന പക്ഷം, വിശദമായ അവലോകന റിപ്പോർട്ട് തയ്യാറാക്കി തുടർന്നു വരുന്ന എക്സിക്യൂട്ടീവ്/ബോർഡ് യോഗത്തിന്റെ അംഗീകാരം ലഭ്യമാക്കി പുതുക്കിയ ധനാനുമതി ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, പദ്ധതി ആരംഭിക്കുന്നതിനായി ടെൻഡർ ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിച്ച് പദ്ധതി യഥാസമയം പൂർത്തീകരിക്കേണ്ട ചുമതല എസ്.പി.വി-യ്ക്കാണ്. |

സെക്ഷൻ ഓഫീസർ